## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2022 മാർച്ച് 18, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ചങ്ങനാശ്ശേരി മാടപ്പള്ളിയിൽ സിൽവർ ലൈൻ പദ്ധതിക്ക് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ടുണ്ടായ പൊലീസ് അതിക്രമത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തി ഡയസ്സിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

23 (*211) <u>പൈപ്പ് പൊട്ടൽമൂലമുള്ള ജലനഷ്ടം</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കുടിവെള്ള പൈപ്പുകൾ പൊട്ടി വെള്ളമൊഴുകുന്ന സംഭവങ്ങൾ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ ഗതാഗത പ്രശ്നം ഉണ്ടാകാതെ കരുതൽ നടപടികൾ സ്വീകരിക്കുകയും തകരാർ പരിഹരിക്കുന്നതിനായി വെട്ടിപ്പൊളിക്കുന്ന റോഡ് താൽക്കാലികമായി കോൺക്രീറ്റ്/ജി.എസ്.ബി. എന്നിവ ചെയ്ത് സഞ്ചാരയോഗ്യമാക്കുകയും പി.ഡബ്ല്യു.ഡി., എൻ.എച്ച്.എ.ഐ. തുടങ്ങിയ ഏജൻസികളുടെ അധീനതയിലുള്ള റോഡുകളിൽ സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്തുന്നതിന് വാട്ടർ അതോറിറ്റിയെ ചുമതലപ്പെടുത്തുകയും KRWSA നടപ്പിലാക്കുന്ന പദ്ധതികളുടെയും സ്രോതസ്സുകളുടെയും തുടർസംരക്ഷണവും പരിപാലനവും ഗുണഭോക്തൃസമിതികളിൽ നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

24(*212) <u>മത്സ്യ മേഖലയിലെ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കാൻ നടപടി</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും സംരക്ഷിക്കുന്നതിനും മത്സ്യത്തിന് ന്യായവില ലഭ്യമാക്കുന്നതിനും തീരദേശ

ലേലം സമ്പ്രദായം നടപ്പിലാക്കിവരുന്നുണ്ടെന്നും കൂടുതൽ മത്സ്യസഹകരണ സംഘങ്ങളെ ലേലത്തിൽ പങ്കെടുപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. മത്സ്യവിപണനത്തിനും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വ്യാപനത്തിനുമായി ഫിഷ്മാർട്ടുകൾ, ഫ്രാഞ്ചൈസി മാർട്ടുകൾ, അന്തിപച്ച മൊബൈൽ മാർട്ടുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ടെന്നും ഫിഷ്മാർട്ടുകളില്ലാത്ത നിയോജകമണ്ഡലങ്ങളിൽ ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും വിവിധ ജില്ലകളിലായി 9 സംഭരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും തെരഞ്ഞെടുത്ത മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണത്തിനായി കിഫ്ബി മുഖേന 120.57 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ടെന്നും നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ ധനസഹായത്തോടെയും കേന്ദ്രസർക്കാർ പദ്ധതികളിലൂടെയും 38 ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും മയ്യനാട്, കരീക്കോട് മാർക്കറ്റുകൾ ബ്ലൂ റവല്യൂഷൻ പദ്ധതിയിലും അഞ്ചൂർ, അഞ്ചൽ, ഓച്ചിറ എന്നിവ സർക്കാർ സഹായത്തോടെയും നവീകരിച്ചിട്ടുണ്ടെന്നും പ്രധാന മത്സ്യമാർക്കറ്റുകളിൽ റെസ്റ്റ് റൂം, സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ടോയ്ലെറ്റ് തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി.

മത്സ്യവിപണനത്തിന് ഓൺലൈൻ സംവിധാനമേർപ്പെടുത്താനും മത്സ്യഫെഡ്, സാഫ്, തീരദേശ വികസന കോർപ്പറേഷൻ എന്നിവയുടെ കൺസോർഷ്യം രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ടെന്നും ഒറ്റത്തവണ വായ്പാ തീർപ്പാക്കൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുമെന്നും കടാശ്വാസ പരിധി ഒരുലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും നാളിതുവരെ 200.42 കോടി രൂപ ഈയിനത്തിൽ വിതരണം ചെയ്തിട്ടുണ്ടെന്നും മത്സ്യത്തിന്റെ ഗുണനിലവാര പരിശോധന കർശനമാക്കുമെന്നും ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തി ഡയസ്സിനുമുന്നിൽവന്നുനിന്ന് മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു. )

ഭരണ-പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭ 9.26-ന് നിർത്തിവച്ചു.